**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരായവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച സംഭാവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരായവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തബാധിതരായവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 04/10/2024 വരെയുള്ള കണക്ക് പ്രകാരം ആകെ 513,50,36,051/- രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വിവിധ ഏജൻസികൾ/സ്ഥാപനങ്ങൾ, സംഘടനകൾ, ഇതര സംസ്ഥാനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സാലറി ചലഞ്ച് എന്നിവ മുഖാന്തരം ലഭിച്ച തുകയുടെ തരം തിരിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | വ്യക്തികൾ, വിവിധ ഏജൻസികൾ/സ്ഥാപനങ്ങൾ, സംഘടനകൾ, ഇതര സംസ്ഥാനങ്ങൾ എന്നിവ മുഖാന്തിരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 04/10/2024 വരെയുള്ള കണക്ക് പ്രകാരം 419,64,84,305/-രൂപയും സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സംഭാവനയായി 93,85,51,746/- രൂപയും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചു; ഇതിനായി സംസ്ഥാനം എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതന് Prime Minister's Relief Fund (PMNRF)-ൽ നിന്ന് **2 ലക്ഷം രൂപയും**, ഗുരുതരമായി പരിക്കേറ്റവർക്ക് **50,000/- രൂപയും** അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ട 133 പേരുടെ ആശ്രിതർക്കും, ഗുരുതരമായി പരിക്കേറ്റ 25 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ദുരന്തവുമായി ബന്ധപ്പെട്ട പ്രാഥമിക വിലയിരുത്തലിൽ ഉണ്ടായിട്ടുള്ള ആകെ നാശനഷ്ടം 1202 കോടി രൂപയുടേതാണ്. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെട്ടു വരുന്ന ഇനങ്ങളിൽ സംഭവിച്ചിട്ടുള്ള യഥാർത്ഥ നഷ്ടം 614.6 കോടി രൂപയുടേതാണ്. എന്നാൽ ദുരന്ത പ്രതികരണനിധിയിൽ നിന്നും യഥാർത്ഥ നഷ്ടം (actual loss) മാനദണ്ഡമാക്കിയല്ല ധനസഹായം അനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ (SDRF) മാനദണ്ഡങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇനിയും ഉൾപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ 587.5 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. അപ്രകാരം പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ **1202 കോടി രൂപയുടെ ധനസഹായത്തിനുള്ള മെമ്മോറാണ്ടം** കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ദുരിതബാധിതർക്കായി നിധിയിൽ നിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് നൽകുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ